"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26– കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.309/2025/Co-Op തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 13/05/2025 വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 19/06/2025ലെ ആർ.സി.എസ്. 5736 /പി &എം ബി(1) നം. കത്ത്.
3. ഇ.അനുമതി നം. AS/COP/25/43459

**<u>ഉത്തരവ്</u>**

കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(CAPE) ന് നിലവിലുള്ള പ്രോജക്ടുകളുടെ/സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വിജ്ഞാന വികസന കേന്ദ്രം, സാഗര ഹോസ്പിറ്റൽ നവീകരണം എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 600.00 ലക്ഷം രൂപ ധനസഹായം ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് പരാമർശം (1) വർക്കിംഗ് ഗ്രൂപ്പ് യോഗം അനുമതി നല്കിയിട്ടുണ്ട്. ടി ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിരിക്കുന്നു.

| Sl No. | Name of Project | Estimated cost in Lakh |
|---|---|---|
| 1. | Renovation of Sagara Hospital - Replacement of obsolete equipment Phase - III | 88 |
| 2. | Ongoing works including completion of E-Narayanan Memorial Auditorium at CE, Thalassery, Additional class rooms at CE, Trikaripur, Academic blocks, labs etc | 175 |
| 3. | New works like construction of Ladies hostel, roofing works etc and other minor works at various colleges | 45 |

| | | |
|---|---|---|
| 4. | Upgradation of computational facilities in all Institutions under CAPE - centralized purchase of computers - Phase III | 202 |
| 5. | Purchase of Equipment & Books for various colleges under CAPE as per AICTE/NBA/KUHS norms | 73 |
| 6. | Assistance to SKDC - Development of infrastructural facilities | 7 |
| 7. | CAPE College of Nursing, Alappuzha, Pathanapuram, Aranmula, & Wadakkanchery - Providing infrastructural facilities | 10 |
| **TOTAL** | | **600.00** |

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് 600.00 ലക്ഷം രൂപ (അറുന്നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം സബ്സിഡി ശീർഷകത്തിൽ (2425-108-47-35) നിന്നും മുൻ ഖണ്ഡികയിൽ വിവരിക്കും പ്രകാരം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ബി3/111/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Jithesh B K
Date: 28-06-2025 11:35:50

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.